LIBRARY ARCHIVES Kerala Legislative Assembly

വർഷങ്ങളുടെ പഴക്കമുള്ള പൗരാണിക പാരമ്പര്യമുള്ള ഒരു കെട്ടിടമുണ്ടാകുകയും അത് ജില്ലയുടെ ഭരണകൂടത്തിനാവശ്യമായ സാഹചര്യം ഒരുക്കാതിരിക്കുകയും ചെയ്യുന്നത് വളരെ ഗൗരവമായെടുത്തുകൊണ്ട് കേരളത്തിൽ നടത്താൻ പോകുന്ന റവന്യൂ ടവർ നിർമ്മാണത്തിൽ മുൻഗണന നൽകിക്കൊണ്ട് സമയബന്ധിതമായി നടപ്പിലാക്കുമെന്ന് സഭയെ അറിയിക്കുകയാണ്.

4. കൈവശ ഭൂമിക്ക് പട്ടയം

ശ്രീ. പ്രമോദ് നാരായൺ: സർ, റാന്നി മണ്ഡലത്തിലെ പെരുമ്പെട്ടി വില്ലേജിലെ കർഷകരുൾപ്പെടെയുള്ള 512 കുടുംബങ്ങൾക്ക് 63 വർഷമായിട്ടും അർഹതപ്പെട്ട പട്ടയങ്ങൾ ലഭിക്കുന്നില്ലെന്ന നീതിപൂർവ്വമായ പ്രശ്നമാണ് ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. 283/1 എ എന്ന പഴയ സർവ്വേ നമ്പറിൽപ്പെട്ട 274.5 ഏക്കർ സ്ഥലം വനം വകുപ്പിന്റെ 1958-ലെ നോട്ടിഫിക്കേഷൻ പ്രകാരമുള്ള പരിധിക്ക് പുറത്താണോ എന്നത് സംബന്ധിച്ചായിരുന്നു തർക്കത്തിന് ആധാരമായ വസ്തുത. ജനപ്രതിനിധികൾ ഉൾപ്പെടെ നടത്തിയ നിരന്തര പ്രക്ഷോഭത്തെത്തുടർന്ന് 2018-ൽ റവന്യൂ-വനം വകുപ്പുകൾ സംയുക്ത സർവ്വേ നടത്തുകയും 88 ശതമാനം സർവ്വേനടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 1958-ലെ നോട്ടിഫിക്കേഷൻ പ്രകാരം 174 മുതൽ 211 വരെയുള്ള റീ-സർവ്വേ പ്രവൃത്തികൾ നടത്തുകയും 2019 മാർച്ച് 6-ാം തീയതി ഒരു ഇടക്കാല റിപ്പോർട്ട് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. ജനങ്ങളാരും ഒരിഞ്ച് വനഭൂമിപോലും കയ്യേറിയിട്ടില്ലെന്നും ഒരു കുടുംബംപോലും വനഭൂമിയുടെ ജണ്ടയ്ക്കകത്ത് താമസിക്കുന്നില്ലെന്നുമാണ് കണ്ടെത്തിയത്. അവശേഷിക്കുന്ന 12 ശതമാനം സ്ഥലത്തിന്റെ സർവ്വേ നടപടികൾ പൂർത്തീകരിച്ചില്ല. യഥാർത്ഥത്തിലവശേഷിക്കുന്ന 12 ശതമാനം സർവ്വേ നടത്താനുള്ള സ്ഥലം രണ്ട് റിസർവ് വനങ്ങൾക്കിടയിലുള്ള കല്ലുകളുൾപ്പെടുന്ന ഭാഗമാണ്. 1958-ലെ നോട്ടിഫിക്കേഷൻ പ്രകാരമുള്ള സ്കെച്ച് വേണമെന്നാണ് വനം വകുപ്പ് പറയുന്നത്. കഴിഞ്ഞ രണ്ട് വർഷമായിട്ടും സ്കെച്ച് കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ഒരിഞ്ചുപോലും വനഭൂമി കയ്യേറാത്ത സാധാരണ മനുഷ്യർ തലമുറകളായി അവർക്കർഹതപ്പെട്ട പട്ടയം ലഭിക്കാത്തതുകൊണ്ട് ജനപ്രതിനിധികളുൾപ്പെടെയുള്ളവർ സമരരംഗത്താണ്. വനഭൂമി സംരക്ഷിക്കപ്പെടുകതന്നെ വേണം. പക്ഷെ വനഭൂമി കയ്യേറാത്തവർക്ക് നീതി നിഷേധിക്കപ്പെടാൻ പാടില്ല. സ്കെച്ചില്ലെന്ന കാരണംപറഞ്ഞ് ഇത് നീട്ടിക്കൊണ്ടു പോകാൻ പാടില്ല. റീ-സർവ്വേയുടേയും 1958-ലെ നോട്ടിഫിക്കേഷൻ പ്രകാരമുള്ള അതിർത്തി വിവരണത്തിന്റെയും അടിസ്ഥാനത്തിൽ സർവ്വേ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം. പൊന്തൻപുഴ, പെരുമ്പെട്ടി മേഖലകളിലെ ആളുകൾക്ക് അർഹതപ്പെട്ട പട്ടയം ലഭ്യമാക്കാൻ അടിയന്തര നടപടിയുണ്ടാകണമെന്നാണ് സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഇവിടെ സൂചിപ്പിച്ച പ്രശ്നം വളരെ ഗൗരവമായതാണെന്ന് മാത്രമല്ല അതിന്റെ നടപടിക്രമങ്ങൾ കുറേയേറെ മുന്നോട്ടുപോയതുമാണ്. ബഹുമാനപ്പെട്ട പ്രമോദ് നാരായൺ സൂചിപ്പിച്ച വസ്തുതകൾ സർക്കാരിന് ബോദ്ധ്യപ്പെട്ടകയും അതംഗീകരിക്കുകയുമാണ്. പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി താലൂക്കിൽ പെരുമ്പെട്ടി വില്ലേജിൽ വനം വകുപ്പ് ജണ്ടകെട്ടി സംരക്ഷിച്ചുവരുന്ന വനഭൂമിക്ക് പുറത്ത് ആറ് പതിറ്റാണ്ടിലേറെയായി കുടിയേറിപ്പാർത്തിട്ടുള്ള കർഷകർക്ക് പട്ടയം ലഭ്യമാകുന്നത് സംബന്ധിച്ച വിഷയം സർക്കാർ ഗൗരവമായിട്ടാണ് കാണുന്നത്. കർഷകർക്കെത്രയുംവേഗം പട്ടയം നൽകണമെന്നതാണ് സർക്കാരിന്റെ നയം. കർഷകരുടെ കൈവശമുള്ള ഭൂമി 31-5-1958-ലെ വനം വകുപ്പിന്റെ നോട്ടിഫിക്കേഷൻ പ്രകാരമുള്ള വനഭൂമിക്ക് പുറത്താണോയെന്നത് സംബന്ധിച്ചാണ് തർക്കം നിലനിന്നിരുന്നത്. ഇത് പരിഹരിക്കാനായി 10-1-2019-ൽ റവന്യൂ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ അടിസ്ഥാനത്തിൽ വനം-റവന്യൂ വകുപ്പുകൾ ചേർന്ന് സംയുക്ത സർവ്വേ/ജോയിന്റ് വെരിഫിക്കേഷൻ നടത്താൻ തീരുമാനിക്കുകയും 85 ശതമാനം സർവ്വേ നടപടികൾ പൂർത്തീകരിക്കുകയും ചെയ്തു. പ്രസ്തുത സർവ്വേയുടെ അടിസ്ഥാനത്തിൽ പെരുമ്പെട്ടി വില്ലേജിലെ കൈവശക്കാരുടെ ഭൂമി വനഭൂമിക്ക് പുറത്തായി സ്ഥിതിചെയ്യുന്നുവെന്ന് അന്നത്തെ ഡി.എഫ്.ഒ. ഇടക്കാല റിപ്പോർട്ട് നൽകിയിരുന്നു. ശേഷിക്കുന്ന സർവ്വേ നടപടികൾക്ക് കോഴിക്കോട് ജില്ലയിലെ മിനി സർവ്വേ ടീമിനെ പ്രത്യേകമായി നിയോഗിച്ച് പൂർത്തീകരിക്കാൻ 2021 ജനുവരി മാസം 22-ാം തീയതി കൂടിയ റവന്യൂ-വനം വകുപ്പുമന്ത്രിമാരുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചിരുന്നു. പ്രസ്തുത ടീം സർവ്വേ നടപടികൾ പൂർത്തീകരിച്ച് അന്തിമ റിപ്പോർട്ട് നൽകുന്നമുറയ്ക്ക് പട്ടയം വിതരണം ചെയ്യാവുന്നതാണ്. പെരുമ്പെട്ടി വില്ലേജിലെ കൈവശക്കാരുടെ ഭൂമി വനഭൂമിക്ക് പുറത്താണെന്നുള്ള ഡി.എഫ്.ഒ.-യുടെ ഇടക്കാല റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൈവശക്കാർക്ക് 1964-ലെ ഭൂപതിവ് ചട്ടപ്രകാരം നിയമാനുസൃതം പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിക്കാനുള്ള സൗകര്യമൊരുക്കുന്നതാണ്. പത്തനംതിട്ട ജില്ലയിൽ കഴിഞ്ഞദിവസം കളക്ടറുൾപ്പെടെയുള്ള ഉദ്യോഗസ്ഥരുടെ യോഗംചേർന്നപ്പോൾ ഇതൊരു പ്രധാനപ്പെട്ട വിഷയമായി ഞാൻ ഉന്നയിച്ചിരുന്നു. ഇപ്പോൾ സർവ്വേ നടപടികൾ പൂർത്തീകരിക്കുന്നതിനിടയിൽ ഒരു സ്പെഷ്യൽ ടീമിനെ നിയോഗിച്ച് സർവ്വേ നടത്തി 508 കുടുംബങ്ങളുടെ ഫയൽ തയ്യാറാക്കിട്ടുള്ളതാണ്; ഇത് ഏകദേശം പൂർത്തീകരിച്ചിട്ടുണ്ട്. ഇവിടെ ഉന്നയിച്ചതുപോലെ പ്രശ്നങ്ങളുണ്ടെങ്കിലും നിയമപരമായ ചില വസ്തുതകളുള്ളതുകൊണ്ട് മിനി സർവ്വേ ടീം സർവ്വേ പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നമുറയ്ക്ക് പട്ടയവിതരണം നടത്തുന്ന നടപടിയുമായി റവന്യൂ വകുപ്പ് മുന്നോട്ടുപോകുമെന്ന് ഉറപ്പുനൽകുകയാണ്.